പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2354 **27-10-2026-ൽ മറുപടിയ്ക്ക്**

പൊതുകെട്ടിടങ്ങളിൽ സൗരോർജ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. രാജൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) സർക്കാർ ഓഫീസുകൾ, സർക്കാർ വിദ്യാലയങ്ങൾ, ആശുപത്രികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ തുടങ്ങിയ പൊതുകെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ പാനലുകൾ സ്ഥാപിക്കുന്നതിന് നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: സർക്കാർ ഓഫീസുകൾ, സർക്കാർ വിദ്യാലയങ്ങൾ, ആശുപത്രികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ തുടങ്ങിയ പൊതു കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ ഡെപ്പോസിറ്റ് വർക്കായോ പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായോ ആണ് അനെർട്ട് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചു നൽകുന്നത്. ഇതിനായി അതാത് സ്ഥാപനം പദ്ധതി ചെലവ് കണ്ടെത്തേണ്ടതാണ്.

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം ഒല്ലൂർ നിയമസഭാ മണ്ഡലത്തിലെ പൊതുകെട്ടിടങ്ങളിൽ സൗരോർജ പാനലുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും ഇത്തരത്തിൽ സൗരോർജ പാനലുകൾ സ്ഥാപിക്കുന്നതിന് കണ്ടെത്തിയിട്ടുള്ളതും അനുമതി ലഭിച്ചിട്ടുള്ളതുമായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

മറുപടി: തൃശ്ശൂർ ജില്ലാ കളക്ടറുടെ നിർദ്ദേശം അനുസരിച്ച് ഒല്ലൂർ നിയോജക മണ്ഡലത്തിലെ 18 വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്ന പദ്ധതിയുടെ ഭാഗമായി അനെർട്ട് സധ്യത പഠനം നടത്തുകയും, ഓരോ വില്ലേജ് ഓഫീസിലും 2 kwp ശേഷിയുള്ള ഹൈബ്രിഡ് സോളാർ പവർ പ്ലാന്റുകൾ വീതം സ്ഥാപിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി നല്കുകയും തുടർന്ന് ജില്ലാ കളക്ടറുമായി കരാറിൽ ഏർപ്പെടുകയും ടെൻഡർ നടപടിക്രമങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി തുക ലഭ്യമാകുന്ന മുറയ്ക്ക് സോളാർ പവർ പ്ലാന്റുകളുടെ പ്രതിഷ്ഠാപനം ആരംഭിക്കുവാൻ കഴിയും.

(സി) കൂടുതൽ പൊതുകെട്ടിടങ്ങളിൽ സൗരോർജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ചെലവ് കുറയ്ക്കുന്നതിനും മിച്ചവൈദ്യുതി ഗ്രിഡിലേക്ക് നൽകുന്നതിനും ലക്ഷ്യമിട്ട് ഒല്ലൂർ മണ്ഡലത്തിൽ പ്രത്യേക പദ്ധതി നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>മറുപടി:</u> ഒല്ലൂർ നിയോജക മണ്ഡലത്തിനായി അനെർട്ട് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നില്ല. അനെർട്ടിന്റെ നിലവിലുള്ള ഡെപ്പോസിറ്റ് വർക്ക് പദ്ധതി പ്രകാരം പൊതുകെട്ടിടങ്ങളിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചു നൽകാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ